


ലുലു ഗ്രൂപ്പ് ഇൻറർനാഷണലിൻെറ ബെംഗളൂരുവിലെ
ആദ്യ റെസ്റ്റോറൻറ് വൈറ്റ് ഫീൽഡിൽ
ഷഫീന യൂസഫ് അലി ഉദ്ഘാടനം ചെയ്യുന്നു

# ലുലു ഗ്രൂപ്പ് റെസ്റ്റോറൻറ് ബെംഗളൂരുവിലും

**ബെംഗളൂരു:** ലുലു ഗ്രൂപ്പ് ഇൻറർനാഷണൽ ബെംഗളൂരുവിലും റെസ്റ്റോറൻറ് ശൃംഖല ആരംഭിക്കുന്നു. ഇതിൻെറ ഭാഗമായി ലുലുവിൻെറ എഫ് ആൻഡ് ബി വിഭാഗമായ ടാബ്ലെസ് ഫുഡ് കമ്പനി ബെംഗളൂരുവിലെ ആദ്യത്തെ റെസ്റ്റോറൻറ് വൈറ്റ്ഫീൽഡിൽ ആരംഭിച്ചു. ഇതോടൊപ്പം കോറാഡ് സ്റ്റോൺ ക്രീമെറിയും ആരംഭിച്ചു.

ഇന്ദിരാനഗറിലും കോറമംഗലയിലും റെസ്റ്റോറൻറ് ആരംഭിക്കുമെന്ന് ടാബ്ലെസ് ഫുഡ് കമ്പനി സി.ഇ.ഒ .ഷഫീന യൂസഫ് അലി പറഞ്ഞു. അടുത്ത നാലു വർഷത്തിനുള്ളിൽ 50 റെസ്റ്റോറൻറുകളാണ് ബെംഗളൂരുവിൽ ലക്ഷ്യമിടുന്നത്. കഴിഞ്ഞ വർഷം കേരളത്തിൽ കൊച്ചിയിലും ലുലു ഗ്രൂപ്പ് ഇൻറർനാഷണൽ റെസ്റ്റോറൻറ് ആരംഭിച്ചിരുന്നു.